(എ) സംസ്ഥാനത്ത് വയോജനവിദ്യാഭ്യാസത്തിനായി കേന്ദ്രഗവൺമെൻറ് എന്തു തുക ഈ വർഷം നൽകി;

(ബി) ഈ തുക ഏതെല്ലാം ഏജൻസികൾവഴിയാണ് ചെലവാക്കുന്നത്?

ഉത്തരം

(എ) 3,46,600 രൂപ.

(ബി) താഴെ പറയുന്ന ഏജൻസികൾവഴിയാണ് ഈ തുക ചിലവഴിക്കുന്നത്.

1. കാൻഫെഡ്, തിരുവനന്തപുരം.
2. സെയൽവ്യൂ, പുനലാൽ, തിരുവനന്തപുരം.
3. ഗാന്ധി സ്മാരകനിധി, തിരുവനന്തപുരം.
4. സ്റ്റേറ്റ് റിസോഴ്സ് സെൻറർ (കാൻഫെഡ്), തിരുവനന്തപുരം.

ഫൈൻ ആർട്സ് കോളേജ് സമരം

13 [25] ശ്രീ. ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് ഓഫ് ഫൈൻ ആർട്സിൽ അടുത്ത കാലത്ത് ഉണ്ടായ വിദ്യാർത്ഥി സമരത്തിൻെറ കാരണങ്ങൾ എന്താണ്;

(ബി) സമരം ഏത് നിലയിലാണ് അവസാനിപ്പിച്ചത്?

ഉത്തരം

(എ) വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കുക, പരീക്ഷകൾ നടത്തുക, യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്യുക, ലൈബ്രറി ഉപയോഗപ്രദമാക്കുക, അടച്ചിട്ടിരിക്കുന്ന ഗ്രാഫിക് വിഭാഗം തുറന്ന് പ്രവർത്തിപ്പിക്കുക, ഫീസാനുകൂല്യവും സ്കോളർഷിപ്പും നൽകുക, ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക, സസ്പെൻറ് ചെയ്യപ്പെട്ടിരിക്കുന്ന ഏതാനും വിദ്യാർത്ഥികളെ സസ്പെൻഷൻ റദ്ദ് ചെയ്ത് കോളേജിൽ പ്രവേശിപ്പിക്കുക, വിദ്യാർത്ഥികളുടെ പേരിലുള്ള കേസ്സുകൾ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ സാധിച്ചു കിട്ടുന്നതിനു വേണ്ടിയായിരുന്നു അവിടത്തെ വിദ്യാർത്ഥികൾ സമരം ചെയ്തത്.

(ബി) സസ്പെൻറ് ചെയ്യപ്പെട്ടിരുന്ന വിദ്യാർത്ഥികളുടെ പേരിലുള്ള അച്ചടക്കനടപടി മൂന്ന് മാസത്തിനകം പൂർത്തിയാക്കുമെന്ന വ്യവസ്ഥയിൽ അവരുടെ സസ്പെൻഷൻ റദ്ദ് ചെയ്യുകയും അവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗം നിർദ്ദേശിക്കാൻ മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറ് ഒരു വിദഗ്ദ്ധസമിതിയെ നിയോഗിക്കുകയും ചെയ്തപ്പോൾ സമരം അവസാനിക്കുകയാണ് ഉണ്ടായത്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly